# കേരള ഇലക്ട്രിസിറ്റി എംപ്ളോയീസ് കോൺഫെഡറേഷൻ (ഐ.എൻ.റ്റി.യു.സി)

രജി.നമ്പർ 01-14/87 – അഫി : നമ്പർ 10485
വി.പി മരയ്ക്കാർ സ്മാരകമന്ദിരം, അംബുജവിലാസം റോഡ്
തിരുവനന്തപുരം –1

പ്രസിഡന്റ്
കെ.പി.ധനപാലൻ Ex.MP

ജനറൽ സെക്രട്ടറി
സിബിക്കുട്ടി ഫ്രാൻസിസ്

തിരുവനന്തപുരം
21.10.2014

നമ്പർ. 6/2014

## സർക്കുലർ

സുഹൃത്തേ,

നമ്മുടെ പ്രിയ നേതാവായിരുന്ന എം.എസ്. റാവുത്തറുടെ ഒന്നാം ചരമ വാർഷികത്തോടനുബന്ധിച്ച് അദ്ദേഹത്തിന്റെ ഓർമ്മയ്ക്കായി സെപ്തംബർ 27-ാം തീയതി വിവിധ ജില്ലാ കേന്ദ്രങ്ങളിൽ എം.എസ്.റാവുത്തർ അനുസ്മരണം പ്രധാനപ്പെട്ട നേതാക്കളുടെ സാന്നിദ്ധ്യത്തിലും എല്ലാവരുടേയും പൂർണ്ണ പങ്കാളിത്തത്തോടെയും വിജയിപ്പിച്ച എല്ലാ ഭാരവാഹികൾക്കും അംഗങ്ങൾക്കും സംസ്ഥാന കമ്മിറ്റിയുടെ പേരിൽ നന്ദി രേഖപ്പെടുത്തുന്നു. അനുസ്മരണത്തോടൊപ്പം സൗജന്യ വൈദ്യുതി കണക്ഷൻ, രക്തദാനം, മറ്റ് സാമൂഹിക പ്രവർത്തനങ്ങൾ നടത്തിയ എല്ലാ ജില്ലാ കമ്മിറ്റികളേയും ഭാരവാഹികളേയും ഒരിക്കൽകൂടി അഭിനന്ദിക്കുന്നു.

2014 സെപ്തംബർ 27-ാം തീയതി വയനാട് ഒഴികെയുള്ള ജില്ലകളിലും 28 ന് വയനാട് ജില്ലയിലും അനുസ്മരണം നടന്നു. ഒരേ ദിവസം ഒരേ സമയം വിവിധ ജില്ലകളിൽ പ്രോഗ്രാം വിജയിപ്പിക്കാൻ കേഡർ പാർട്ടികളെപോലെ കോൺഫെഡറേഷനും സാധിക്കുമെന്ന് തെളിയിച്ചിരിക്കുകയാണ്.

**വിവിധ ജില്ലകളിൽ അനുസ്മരണ യോഗം ഉദ്ഘാടനം ചെയ്തവർ**

തിരുവനന്തപുരം - കെ.മുരളീധരൻ എം.എൽ.എ, കൊല്ലം - ഷിബു ബേബി ജോൺ (ബഹു.തൊഴിൽ വകുപ്പ് മന്ത്രി), ആലപ്പുഴ - എ.എ.ഷുക്കൂർ (DCC പ്രസിഡന്റ്), പത്തനംതിട്ട - ആന്റോ ആന്റണി എം.പി, കോട്ടയം - തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു.ഗതാഗത വകുപ്പ് മന്ത്രി), ഇടുക്കി - റോയി കെ.പൗലോസ് (DCC പ്രസിഡന്റ്), എറണാകുളം - കെ.ബാബു (ബഹു.എക്സൈസ്, തുറമുഖ വകുപ്പ്മന്ത്രി), തൃശ്ശൂർ - പി.എ.മാധവൻ എം.എൽ.എ, പാലക്കാട് - കെ.ശങ്കരനാരായണൻ (മുൻ ധനകാര്യ മന്ത്രി), മലപ്പുറം - ആര്യാടൻ മുഹമ്മദ് (ബഹു.വൈദ്യുതി വകുപ്പ് മന്ത്രി), കോഴിക്കോട് - പി.ശങ്കരൻ (മുൻ ആരോഗ്യ വകുപ്പ് മന്ത്രി) വയനാട് - ആര്യാടൻ മുഹമ്മദ് (ബഹു.വൈദ്യുത വകുപ്പ് മന്ത്രി) കണ്ണൂർ - എ.ഡി.മുസ്തഫ (Ex. MLA), കാസറഗോഡ് - കെ.പി.കുഞ്ഞിക്കണ്ണൻ (KPCC ജന.സെക്രട്ടറി) എറണാകുളത്ത് പ്രസിഡന്റ് കെ.പി.ധനപാലനും തിരുവനന്തപുരത്ത് ജനറൽ സെക്രട്ടറിയും അനുസ്മരണ യോഗങ്ങളിൽ പങ്കെടുത്തു.

അനുസ്മരണത്തോടനുബന്ധിച്ച് കഴിഞ്ഞ സംസ്ഥാന കമ്മിറ്റിയുടെ തീരുമാന പ്രകാരം സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കുള്ള വൈദ്യുതി കണക്ഷൻ, രക്തദാനം, മറ്റ് സാമൂഹിക പ്രവർത്തനങ്ങൾ നടത്തിയതിന്റെ ഫോട്ടോ, പങ്കെടുത്ത പ്രമുഖരുടെ പേരുകൾ (കോൺഫെഡറേഷൻ ഭാരവാഹികളടക്കമുള്ളവരുടെ) വൈദ്യുതി കണക്ഷൻ, ലഭിച്ചവരുടെ കൺസ്യൂമർ നമ്പർ, പേര്, സെക്ഷൻ തുടങ്ങിയവ ഉടൻതന്നെ കേന്ദ്ര കമ്മിറ്റി ഓഫീസിൽ എത്തിക്കണം.

എം.എസ്.റാവുത്തർ അനുസ്മരണത്തോടനുബന്ധിച്ച് കോൺഫെഡറേഷന്റെ ചിലവിൽ പാവപ്പെട്ടവർക്ക് വൈദ്യുതി കണക്ഷൻ നൽകിയ സത്കർമ്മം പാർട്ടിതലത്തിലും ബോർഡ് തലത്തിലും അംഗീകരിക്കപ്പെട്ടു കഴിഞ്ഞു. റൂറൽ മേഖലകളിലും കോർപ്പറേഷൻ ഏരിയായോട് കൂട്ടിചേർത്ത പഞ്ചായത്തുകളിലും RGGY Scheme പ്രകാരം സൗജന്യമായി OH കണക്ഷൻ നൽകുവാൻ ബോർഡ് നിർദ്ദേശം നല്കിക്കഴിഞ്ഞു. RGGY Scheme വഴി കണക്ഷന് അപേക്ഷിക്കേണ്ട അവസാന ദിവസം നവംബർ 15-ാം തീയതിയായി നീട്ടിയിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് ഒക്ടോബർ 30 നകം കേന്ദ്ര കമ്മിറ്റി ഓഫീസിൽ എത്തിക്കണം. ഇതിന് അർഹരായിട്ടുള്ള ഉപഭോക്താക്കളെ കണ്ടെത്തുന്നതിനുള്ള ഉത്തരവാദിത്തം ഓരോ കോൺഫെഡറേഷൻ പ്രവർത്തകനും ഏറ്റെടുക്കണം. ഡിവിഷൻ തലത്തിൽ ലിസ്റ്റ് തയ്യാറാക്കണം. കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റ്, ബ്ലോക്ക് പ്രസിഡന്റ്, INTUC മണ്ഡലം പ്രസിഡന്റ്, തുടങ്ങിയവരുമായി ബന്ധപ്പെട്ട് ഈ പ്രവർത്തനങ്ങൾ നടത്തണം.

**ഡോക്യുമെന്ററി**

എം.എസ്.റാവുത്തറെക്കുറിച്ചുള്ള ഡോക്യുമെന്ററി തിരുവനന്തപുരത്ത് നടന്ന അനുസ്മരണ ചടങ്ങിൽ കെ.മുരളീധരൻ എം.എൽ.എ പ്രകാശനം ചെയ്തു.

**റഫറണ്ടം**

റഫറണ്ടം നടത്തുന്നതിലേയ്ക്കായി ബോർഡിൽ നിന്നും ലേബർ കമ്മീഷണർക്ക് കത്തെഴുതിയിട്ടുണ്ട്. നമ്മുടെ സംഘടന 1000 രൂപയടച്ച് അംഗീകാരം വേണമെന്നാവശ്യപ്പെട്ട് രജിസ്ട്രാർ ഓഫ് ട്രേഡ് യൂണിയന് കത്ത് നൽകിയിട്ടുണ്ട്.

**മെമ്പർഷിപ്പ്/മെമ്പർ Details ഫോം**

പൂരിപ്പിച്ച ഫോം (ഫോട്ടോ ഉൾപ്പടെയുള്ള) എത്തിക്കാത്ത ഡിവിഷൻ കമ്മിറ്റികൾ ഉടൻ എത്തിക്കണം. ഇത് റഫറണ്ടത്തിനുമുമ്പുള്ള പ്രവർത്തനമായി പരിഗണിച്ച് ഒരാഴ്ചയ്ക്കകം കേന്ദ്രക്കമ്മിറ്റി ഓഫീസിൽ എത്തിക്കുന്നതിനുള്ള നടപടികൾ എല്ലാ ഭാരവാഹികളും സ്വീകരിക്കണം. യൂണിയന്റെ വെബ്സൈറ്റിൽ (www.intuckeec.com) നേരിട്ട് ചേർക്കാൻ സാധിക്കുന്നവർ അപ്രകാരം ചെയ്യണം. Password ന് യൂണിയൻ ഓഫീസിൽ ബന്ധപ്പെടണം. ഇത് പൂർത്തിയായതിനുശേഷം അംഗങ്ങൾക്ക് Identity card നൽകുന്നതാണ്. റഫറണ്ട വുമായി ബന്ധപ്പെട്ട സംഘടനാപരമായ കാര്യങ്ങൾക്ക് Member Details അത്യാവശ്യമാണ്.

**പ്രമോഷൻ**

വർക്കറിൽ നിന്നും LM II ലേയ്ക്കുള്ള പ്രമോഷൻ 150 എണ്ണം മാത്രം നടത്തുവാൻ ചില ഗൂഢ നീക്കങ്ങൾ നടന്നുവെങ്കിലും അത് 426 ആയി ഉയർത്തുവാൻ കോൺഫേഡറേഷന് സാധിച്ചു.

**കാഷ്യർ പ്രമോഷൻ**

കാഷ്യർ സ്കെയിലിന് തുല്യമോ താഴെയോ ഉള്ള ലൈൻമാൻ ഉൾപ്പടെയുള്ള തസ്തികളിൽനിന്നും കാഷ്യറിലേയ്ക്കുള്ള 70 പ്രമോഷനുകളും OA യിൽ നിന്നും കാഷ്യറിലേയ്ക്കുള്ള 120 പ്രമോഷനുകളും നടത്തുന്നതിനുള്ള അനുവാദം നൽകിക്കൊണ്ടുള്ള ബോർഡ് ഉത്തരവായി. ഇതു സംബന്ധിച്ച ലിസ്റ്റ് യൂണിയൻ വെബ് സൈറ്റിലുണ്ട്. ജില്ലാ സെക്രട്ടറിയുമായി ബന്ധപ്പെടണം. എല്ലാ ജില്ലാ സെക്രട്ടറിമാരും ലിസ്റ്റിന്റെ പ്രിന്റ് എടുക്കണം.

**PF/NRA അനുവാദം**

കോൺഫെഡറേഷൻ കൊടുത്ത കത്ത് പ്രകാരം PF പാസ്സാക്കുന്നതിനുള്ള അധികാരം ചീഫ് എഞ്ചിനീയർമാരിൽ നിന്ന് ARU ഓഫീസർമാർക്ക് (എക്സിക്യൂട്ടീവ് എഞ്ചിനീയർ/ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ) നൽകി ഉത്തരവായി.

**പൊളിറ്റിക്കൽ ഫണ്ട്**

പൊളിറ്റിക്കൽ ഫണ്ട് തരുവാനുള്ള ഡിവിഷൻ കമ്മിറ്റികൾ ഉടൻ എത്തിക്കണം. കുടിശ്ശികയുള്ള ഡിവിഷൻ കമ്മിറ്റികൾ താഴെ ചേർക്കുന്നു. ഫണ്ട് 31.10.2014 ന് മുമ്പ് എത്തിക്കണം. (നെടുമങ്ങാട്, പുനലൂർ, ഹരിപ്പാട്, തിരുവല്ല, കട്ടപ്പന, പള്ളം, നോർത്ത് പറവൂർ, ആലുവ, വടകര, ഫറൂഖ്, മാനന്തവാടി, കൽപ്പറ്റ, കണ്ണൂർ, തലശ്ശേരി, പയ്യന്നൂർ, ഇരിട്ടി)

**മൂലമറ്റം / മൂഴിയാർ പവർഹൗസ് സന്ദർശനം**

മൂലമറ്റം/മൂഴിയാർ പവർഹൗസിനുള്ളിൽ ബോർഡ് ജീവനക്കാർക്ക് പ്രവേശിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന കോൺഫെഡറേഷന്റെ ആവശ്യത്തിൻമേൽ ബോർഡ് തലത്തിൽ നടപടികൾ ആരംഭിച്ചു.

**ഡയറി 2014**

ഡയറി 2014 ന്റെ കുടിശ്ശികയുടെ ലിസ്റ്റ് ഇതിനോടകം കുടിശ്ശികയുള്ളവർക്കെല്ലാം അയച്ചുകൊടുത്തിട്ടുണ്ട്. തുക ഉടൻ എത്തിക്കുന്നതിന് എല്ലാവരും ശ്രമിക്കണം.

**ഇന്ദിരാഗാന്ധി രക്തസാക്ഷി ദിനം**

രാഷ്ട്രത്തിനുവേണ്ടി സ്വന്തം ജീവൻ ബലികൊടുത്ത ഇന്ദിരാഗാന്ധിയുടെ ചരമ ദിനമായ ഒക്ടോബർ 31 ന് എല്ലാ ഓഫീസുകളിലും ഇന്ദിരാഗാന്ധിയുടെ ഫോട്ടോ വച്ച് ഹാരാർപ്പണം നടത്തണം. ഫോട്ടോ www.intuckeec.com ൽ പബ്ലിഷ് ചെയ്തിട്ടുണ്ട്.

**സ്റ്റേറ്റ് കൗൺസിൽ**

സ്റ്റേറ്റ് കൗൺസിൽ 6.11.2014 വ്യാഴാഴ്ച രാവിലെ 10 ന് പ്രസിഡന്റ് കെ.പി.ധനപാലന്റെ അദ്ധ്യക്ഷതയിൽ യൂണിയന്റെ കേന്ദ്ര കമ്മിറ്റി ഓഫീസിൽ ചേരുന്നതാണ്. സുപ്രധാന വിഷയങ്ങൾ ചർച്ച ചെയ്യേണ്ടതിനാൽ താങ്കൾ കൃത്യമായും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. സംഘടനയുടെ കോൺഫറൻസ് ഹാളിന് എം.എസ്.റാവുത്തർ മെമ്മോറിയൽ ഹാൾ എന്ന നാമകരണം ചെയ്യുന്ന ചടങ്ങും എം.എസ്.റാവുത്തറുടെ ഫോട്ടോ അനാഛാദനവും അന്നേ ദിവസം കൃത്യം 10.30 ന് ബഹു.വൈദ്യുതി മന്ത്രി ശ്രീ.ആര്യാടൻ മുഹമ്മദ് നിർവഹിക്കുന്നതാണ്

വിശ്വാസപൂർവ്വം,

സിബിക്കുട്ടി ഫ്രാൻസിസ്
ജനറൽ സെക്രട്ടറി

NB: സർക്കുലറിലുള്ള വിവരങ്ങൾ എല്ലാ അംഗങ്ങളേയും അറിയിക്കണം